


# മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ

(ലൂക്കാ 12:57 – 13:5) Vol. 11, Issue: 2

ഡീ. ജോബി തെക്കേടത്ത് MCBS

**ഈ**ശോമിശിഹായിൽ പ്രിയപ്പെട്ടവരേ, ശ്ലീഹന്മാരുടെ പ്രേഷിതഫലമായി മുടിചൂടി നിൽക്കുന്ന സഭയെ ധ്യാനിക്കുന്ന കാലമാണല്ലോ ശ്ലീഹാക്കാലം. ഇതോടൊപ്പം തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കോവിഡ്-19 മൂലം ക്ലേശങ്ങളനുഭവിക്കുന്നവരെ നമുക്കോർക്കാം. അവർക്കുവേണ്ടി യാചനകളും പ്രാർത്ഥനകളും ദൈവതിരുമുമ്പിൽ നമുക്കു സമർപ്പിക്കാം. ഈ പശ്ചാത്തലത്തിൽ വി. ലൂക്കാ 12:57 മുതൽ 13:5 വരെയുള്ള വചനഭാഗങ്ങളാണ് ഈ ആഴ്ചയിൽ നമ്മുടെ ധ്യാനവിഷയം.

ഗലീലിയിൽ നിന്നും ജറുസലേമിലേയ്ക്കുള്ള യാത്രാവേളയിൽ ഈശോ പറയുന്ന വചനഭാഗമാണിത്. ചരിത്രത്തിൽ സംഭവിച്ച രണ്ട് സംഭവങ്ങളെ ആധാരമാക്കി രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഈശോ അരുൾച്ചെയ്യുന്നു. "നീ ദൈവത്തെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നുവോ?" അതിനുള്ള രണ്ടു കുറുക്കുവഴികളാണ് ഇവിടെ ഈശോ പറഞ്ഞുവയ്ക്കുന്നത്. ദൈവത്തോട് അനുതാപവും സഹോദരങ്ങളോടുള്ള അനുരഞ്ജനവും.

ആദ്യത്തെ വചനഭാഗത്തിലേയ്ക്ക് കടന്നുവരുമ്പോൾ, വാദിയും പ്രതിയും വിധിയാളന്റെ അടുത്തേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നതാണ് പശ്ചാത്തലം. വിധി പ്രസ്താവിച്ചുകഴിഞ്ഞാൽ പിന്നെ രമ്യതയ്ക്കുള്ള സാധ്യതയില്ല. അതുകൊണ്ട് വിധിക്കു മുമ്പേ രണ്ടുപേരും രമ്യതയിൽ കാര്യങ്ങൾ ഒത്തുതീർപ്പാക്കുക. വിശുദ്ധ ഗ്രന്ഥം മുഴുവൻ ദൈവ-മനുഷ്യ രമ്യതപ്പെടലിന്റെ ചില കാര്യങ്ങൾ പറഞ്ഞുവയ്ക്കുന്നുണ്ട്.

മനുഷ്യനെ സൃഷ്ടിച്ച് അവനോടൊപ്പം നടക്കുകയും പ്രവർത്തിക്കുകയും ചെയ്ത ദൈവം, മനുഷ്യൻ പാപം ചെയ്തപ്പോൾ ഏദനിൽ നിന്നു പുറത്താക്കിയെങ്കിലും രമ്യതയിൽ കാര്യങ്ങൾ പരിഹരിക്കുവാൻ ഒരു രക്ഷകനെ വാദ്ഗാനം ചെയ്തു. ഫറവോയുടെ അടിമത്വത്തിൽ നിന്ന് രക്ഷിച്ച് തന്റെ അവകാശമാക്കിയ ജനം വാഗ്ദത്തദേശത്തേയ്ക്കുള്ള യാത്രയിൽ ദൈവത്തെ മറന്ന് പാപത്തിൽ മുഴുകിയപ്പോൾ തന്റെ ദാസനായ മോശയിലൂടെയും പിന്നീട് പ്രവാചകരിലൂടെയും സംസാരിച്ച് മനുഷ്യനോട് കൂട്ടുകൂടാൻ ആഗ്രഹിക്കുന്ന ദൈവം. പിന്നീട് സമയത്തിന്റെ പൂർത്തീകരണത്തിൽ തന്റെ പുത്രനെ അയച്ചുകൊണ്ട് മനുഷ്യനോട് രമ്യതപ്പെടാൻ കൊതിക്കുന്ന ദൈവം. കാര്യങ്ങൾ ഇങ്ങനെയൊക്കെയായാലും മനുഷ്യൻ ഇന്ന് എവിടെ നിൽക്കുന്നു? ദൈവത്തോടുള്ള ബന്ധത്തിൽ അതിര് നിശ്ചയിച്ച മനുഷ്യൻ പിന്നീട് തമ്മിൽത്തമ്മിലും അതിരുകൾ നിശ്ചയിച്ചു.

ലോക്ക് ഡൗൺ കാലത്ത് പഴയ സുഹൃത്തുക്കളെല്ലാം കൂടി 'നാട്ടിലെ കൂട്ടുകാർ' എന്ന വാട്സ് ആപ്പ് തുടങ്ങി. വിദേശത്തും സ്വദേശത്തുമായിരിക്കുന്ന എല്ലാവർക്കും പരസ്പരം കാണാനും വിശേഷങ്ങൾ പങ്കുവയ്ക്കാനുമൊക്കെ കഴിഞ്ഞു. മൂന്നു-നാലു വർഷങ്ങളായി പരസ്പരം സംസാരിക്കാതെയിരിക്കുന്ന 2 പേർ ഞങ്ങളുടെ ഗ്രൂപ്പിലുണ്ട്. കൂട്ടത്തിലൊരാൾ മുൻകൈയ്യെടുത്ത് ഒരാളുടെ അടുത്തെത്തി കാര്യം അവതരിപ്പിച്ചു: "എടാ,

ഇത്രയും കാലമായില്ലേ? നിങ്ങൾ പരസ്പരം സംസാരിക്കണം. കാര്യങ്ങളൊക്കെ നമുക്ക് പറഞ്ഞുതീർക്കാം.'' അപ്പോൾ അവൻ മറുപടി പറഞ്ഞു: ''അങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല. ഇനിയും മരണം വരെ ഇങ്ങനെയാ.'' കാര്യം ചെറുതാണ്. ഇവന്റെ കല്യാണത്തിന് അവൻ വന്നില്ല. ബാംഗ്ലൂരിൽ നഴ്സാണവൻ; ലീവ് കിട്ടിയില്ല. കൂടാതെ, ഭാര്യ ആ സമയം ഗർഭിണിയുമായിരുന്നു. ഒരു മേശയ്ക്കു ചുറ്റുമിരുന്ന് സംസാരിച്ചാൽ തീരുന്ന കാര്യമേയുള്ളൂ. രമ്യതയിലാകാൻ മനുഷ്യന് മടിയാണ്.

ഇവിടെയാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകം 1-ാം അധ്യായം 18-ാം വാക്യത്തിന്റെ പ്രസക്തി. തന്നിൽ നിന്ന് അകന്നുപോകുന്ന ജനത്തോട് പ്രവാചകൻ വഴി ദൈവമായ കർത്താവ് വിളിച്ചുപറയുന്നു: ''വരുവിൻ, നമുക്ക് രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും.'' മനുഷ്യൻ എങ്ങനെയായാലും അപരനോട് രമ്യതപ്പെടാൻ വെമ്പൽ കൊള്ളുന്ന ദൈവത്തിന്റെ ചിത്രം. 'വരുവിൻ, നമുക്ക് രമ്യതപ്പെടാം.' എന്ന കർത്താവിന്റെ വചനം നമ്മുടെ ഹൃദയത്തിൽ മന്ത്രിക്കട്ടെ. ഒരു ശിശുവായി ഈ ഭൂമിയിലേയ്ക്ക് കടന്നുവന്നപ്പോൾ ആരോടെങ്കിലും ശത്രുതയുമായിട്ടാണോ നാം വന്നത്? അല്ലായെങ്കിൽ ഈ ലോകം വിട്ടുപോകുമ്പോഴും അങ്ങനെതന്നെ ആയിരിക്കട്ടെ.

രണ്ടു ചരിത്രസംഭവങ്ങൾ പറയുന്നുണ്ടെങ്കിലും പശ്ചാത്തലത്തിലേയ്ക്കുള്ള ക്ഷണമാണ് 2-ാം ഭാഗത്തിന്റെ കാതൽ. യഹൂദപാരമ്പര്യത്തിന്റെ ന്യൂനതകളിലൊന്നിനെ എടുത്ത് അവരെ സത്യം പഠിപ്പിക്കുന്ന ഈശോയെയാണ് ഇവിടെ കാണുക. പ്രായമാകുന്നതിനു മുമ്പ് അപകടമരണം സംഭവിച്ചാൽ അത് പാപത്തിനുള്ള ദൈവശിക്ഷയായി യഹൂദസമൂഹം കണക്കാക്കിയിരുന്നു. അതായത്, 9 വയസ്സുള്ള കുട്ടി മരിച്ചാൽ 90 വയസ്സുള്ള വല്യപ്പനേക്കാൾ പാപി. പശ്ചാത്തപിക്കാതെ മരിച്ചാൽ അതാണ് നാശം, അതാണ് മരണം എന്ന് ഈശോ പഠിപ്പിക്കുന്നു. വി. മർക്കോസിന്റെ സുവിശേഷം 1-ാം അധ്യായം 15-ാം തിരുവചനത്തിൽ പറയുന്നു: ''സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.'' യോഹന്നാന്റെ സുവിശേഷം 1:1-ൽ പറയുന്നു: ''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവമായിരുന്നു.'' വചനം മാംസം ധരിച്ച ക്രിസ്തുവിനെ സ്വന്തമാക്കിയ ജീവിതങ്ങളാണ് പശ്ചാത്താപത്തിലേയ്ക്ക് കടന്നുവന്നവർ. പിന്നീട് പഴയ വഴി ഒരിക്കലും അവർ പിന്തുടരുകയില്ല.

Northern Ireland -കാരിയായ ക്ലെയറിനെക്കുറിച്ച് ലൈഫ് ഡേ-യിൽ വായിച്ചതോർക്കുന്നു. പാരമ്പര്യ ക്രിസ്ത്യൻ കുടുംബത്തിൽ പിറന്ന അവൾ നേടിയത് യുവാക്കളെയായിരുന്നു. ശരീരത്തിന്റെ താൽപര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് പാപവഴിയെ സഞ്ചരിച്ച ഒരു പെൺകുട്ടി. ഒരു ഫിലിം സ്റ്റാർ ആകണമെന്നായിരുന്നു അവളുടെ താൽപര്യം. അങ്ങനെ 17-ാം വയസ്സിൽ ഇംഗ്ലണ്ടിലെ യുവജനങ്ങൾക്കായുള്ള ഒരു വലിയ ചാനൽ ഷോയിൽ പങ്കെടുക്കുവാൻ തയ്യാറെടുക്കുകയായിരുന്നു അവൾ. ആ ദിനങ്ങൾ വിശുദ്ധവാരത്തിന്റെ ദിനങ്ങളായിരുന്നു. അവളുടെ ശ്രദ്ധ മുഴുവൻ പുകവലി, മദ്യപാനം, സുഹൃത്തുക്കളുമായുള്ള കൂട്ടുകെട്ട് എന്നിവയിൽ മാത്രമായിരുന്നു. അങ്ങനെ ദുഃഖവെള്ളി എത്തിയപ്പോൾ ആരോ അവളോടു പറഞ്ഞു: ''ഇന്ന് ദുഃഖവെള്ളിയല്ലേ? നീ ദൈവാലയത്തിൽ പോകണം.'' അങ്ങനെ അവൾ ദൈവാലയത്തിലെത്തി. തിരുക്കർമ്മങ്ങളുടെ അവസാനം ക്രൂശിതരൂപം ചുംബിക്കുന്ന ചടങ്ങിൽ ഏറ്റവും അവസാനമായി അവളും പങ്കെടുത്തു. പെട്ടെന്ന് എന്തോ ഒരു മാറ്റം, ഒരു പ്രത്യേക അനുഭവം ആ നിമിഷം അവൾക്കുണ്ടായി. അവൾ ദൈവാലയത്തിലിരുന്ന് കരയാൻ തുടങ്ങി. ഉടനെ ഒരു സിസ്റ്റർ അടുത്തുവന്ന് കാര്യങ്ങൾ തിരക്കി. അവൾ പറഞ്ഞു: ''അവൻ എന്നെ സ്നേഹിക്കുന്നു. എന്തേ ഈ കാര്യം നേരത്തെ എന്നോടാരും പറഞ്ഞില്ല.'' അവളിൽ ഒരു മാറ്റം സംഭവിക്കുകയായിരുന്നു. ഈശോ തന്നിൽ നിന്ന് കൂടുതലെന്തോ ആഗ്രഹിക്കുന്നെന്ന് അവൾക്കു തോന്നി.

മാനസാന്തരത്തിനുശേഷം അവൾ ഇപ്രകാരം പറയുകയാണ്: ''ഞാൻ വളരെ മോശമായി ജീവിച്ചു. മദ്യപിച്ചു, പുക വലിച്ചു, ലഹരിവസ്തുക്കൾ ധാരാളം ഉപയോഗിച്ചു. മുഴുവൻ സമയവും സുഹൃത്തുക്കളോടൊപ്പം കറങ്ങിനടന്നു. എല്ലാം ഉപേക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. അങ്ങനെ ഒരു ദിവസം രാത്രി മദ്യപിച്ചു ഛർദ്ദിക്കവെ ഇശോ വന്ന് അവളോട്, പൗലോസിനോടു ചോദിച്ച അതേ ചോദ്യം ചോദിച്ചു: 'നീ എന്തിന് എന്നെ ഇങ്ങനെ വേദനിപ്പിക്കുന്നു?' ദൈവത്തിന്റെ ശക്തമായ സാന്നിധ്യത്താൽ അവൾ നിറഞ്ഞു.'' അവൾ കൂട്ടിച്ചേർക്കുന്ന ഒരു കാര്യമുണ്ട്. ''യേശു എന്നെ നിരന്തരം പിന്തുടരുകയായിരുന്നു. അവന് എന്നെ വേണമെന്ന് നിരന്തരം എന്നോട് പറയുകയായിരുന്നു.'' അങ്ങനെ അവൾ ശക്തമായ ഒരു തീരുമാനമെടുത്തു. യേശുവിനായി തന്റെ ജീവിതം കൊടുക്കുക. പലരും അവളെ തടഞ്ഞു. സ്വന്തം അമ്മ പോലും Please, don't go എന്നുപറഞ്ഞ് അവളുടെ മുമ്പിൽ നിലവിളിച്ചു. പക്ഷേ, തന്റെ തീരുമാനത്തിൽ അവൾ ഉറച്ചുനിന്നു. അങ്ങനെ 2001 ആഗസ്റ്റ് 11-ന് അവൾ മഠത്തിൽ ചേർന്നു. ക്ലെയർ ക്രോക്കറ്റ് എന്ന അവൾ സി. ക്ലെയർ മരിയ എന്ന പേര് സ്വീകരിച്ചു.

ഇന്ന് അവൾ ഈ ലോകത്തിലില്ല. ഇക്വഡോറിലേക്ക് മിഷനറിയായി അയയ്ക്കപ്പെട്ട അവൾ 2016 ഏപ്രിൽ 16-നുണ്ടായ ഒരു ഭൂചലനത്തിൽ മറ്റു നാല് സിസ്റ്റേഴ്സിനോടൊപ്പം ഈ ലോകത്തുനിന്ന് യാത്രയായി. മരണത്തിനു മുമ്പേ ക്രിസ്തുനാഥൻ അവളുടെ ആത്മാവിനെ നേടിയെടുത്തിരുന്നു.

നീ ആരാണെന്ന് ക്രിസ്തു നോക്കുന്നില്ല, വിധിക്കുന്നുമില്ല. പക്ഷേ, പശ്ചാത്തപിക്കാൻ നീ സന്നദ്ധനായാൽ അവൻ നിന്റെ ജീവിതം ഏറ്റെടുക്കും. ദൈവത്തോട് അനുതാപവും സഹോദരങ്ങളോട് അനുരഞ്ജനവുമുള്ള വ്യക്തികളായിത്തീരാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.